സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും 15-5-2015-ലെ സ.ഉ.(എം.എസ്)116/2015/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന എയ്ഡഡ് പദവി നൽകേണ്ട മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ അന്തിമ ലിസ്റ്റ് ആയിട്ടില്ലാത്തതിനാൽ ഇതുവരെ എയ്ഡഡ് പദവി ആർക്കും നൽകിയിട്ടില്ല.

(ബി) കേരളത്തിലെ ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ നിയോഗിച്ച ഡോ. എം. കെ. ജയരാജ് കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകണമെന്നതുൾപ്പെടെയുള്ള ശുപാർശകൾക്കെതിരെ ശ്രീ. അനിൽകുമാർ, കോഴിക്കോട്, ബഹുമാനപ്പെട്ട ലോകായുക്ത മുൻപാകെ 314/15.ഡി നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രിക്കുൾപ്പെടെ ലഭിച്ച പരാതികളിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരിശോധിച്ചുവരുന്നുണ്ട്.

സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

97 (1174) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഇല്ലായെങ്കിൽ ഇത്തരത്തിലൊരു തീരുമാനമെടുത്തതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ ;

(സി) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന സാഹചര്യത്തിൽ ഇത്തരം സ്കൂളുകളിലെ അദ്ധ്യാപക, അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. മുഖാന്തരം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുള്ളതാണോ ;

(ഡി) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന കാര്യം അടിയന്തരമായി പരിഗണിച്ച് അദ്ധ്യാപക,അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. മുഖാന്തരം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

1353/2017

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അന്ധ, ബധിര വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്കൂളുകൾ എയ്ഡഡ് മേഖലയിൽ നിലവിലുണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി 28-4-2014-ലെ സ.ഉ.(പി)69/14/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 50 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൂടി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചുകൊണ്ട് വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും 15-5-2015-ലെ സ.ഉ.(എംഎസ്.)116/2015/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി &ഡി) 15-5-2015-ലെ സ.ഉ.(എംഎസ്.)115/2015/പൊ.വി.വ. ഉത്തരവിലെ ഖണ്ഡിക III-ലെ വ്യവസ്ഥ പ്രകാരം സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനം പി.എസ്.സി. മുഖേനയായിരിക്കണമെന്ന് തീരുമാനിച്ചിരുന്നു. മേൽ വ്യവസ്ഥ പിന്നീട് ഭേദഗതി ചെയ്തുകൊണ്ട് താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി മുഖേന എന്നാക്കി 25-8-2015-ലെ സ.ഉ.(എംഎസ്.) 229/2015/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

1. രക്ഷാകർത്തൃ പ്രതിനിധികൾ
2. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുള്ള സർക്കാർ നോമിനി
3. സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിന്നുള്ള സർക്കാർ നോമിനി
4. സ്ഥാപനത്തിലെ പ്രധാനാദ്ധ്യാപകൻ
5. സ്കൂൾ മാനേജർ
6. സബ്ജക്ട് എക്സ്പേർട്ട് ഇൻ ഡിസെബിലിറ്റീസ്

സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനം പി.എസ്.സി. മുഖേനയാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.